# വാർത്തകളും കുറിപ്പുകളും

**1. പ്രഭാത ധ്യാനവും ചെയിൻ പ്രയറും**

ലോക്ക്ഡൌൺ കാലയളവിൽ മെയ് 12 മുതൽ എല്ലാ ദിവസവും പ്രഭാത ധ്യാനങ്ങൾ യൂ ട്യൂബ് വഴി ലഭ്യമാക്കിയത് എല്ലാവർക്കും അനുഗ്രഹമായിരുന്നു. ഏരിയ പ്രയർ ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ എല്ലാ ദിവസവും വൈകിട്ട് 7 മണി മുതൽ 9 മണി വരെ കോവിഡ് മഹാമാരിയിൽ നിന്നുള്ള വിടുതലിനായി പ്രത്യേക ചെയിൻ പ്രയർ അനുഗ്രഹകരമായി തുടരുന്നു.

**2. ഓൺലൈൻ ആരാധനകൾ**

ലോക്ക്ഡൌൺ ജൂൺ 16 വരെ തുടരുന്ന സാഹചര്യത്തിൽ മെയ് 21 മുതൽ വെള്ളിയാഴ്ചയിലെ പ്രാർത്ഥനാ യോഗങ്ങളും, മെയ് 23, 30, ജൂൺ 6 ഞായറാഴ്ചകളിലെ ആരാധനകളും സൂം പ്ലാറ്റ്ഫോം ഉപയോഗിച്ച് നടത്തി, യൂ ട്യൂബ് ചാനലിൽ തത്സമയം ലഭിക്കത്തക്കവണ്ണം വാട്ട്സ്ആപ്പ് വഴി അംഗങ്ങൾക്ക് അയച്ചു കൊടുത്തു. ഓൺലൈൻ ആരാധനയിലെ വിവിധ ചുമതലകൾ ഭവനങ്ങളിൽ ഇരുന്ന് നിർവഹിച്ച എല്ലാവരെയും, ഇതിന്റെ സാങ്കേതിക കാര്യങ്ങൾ സ്തുത്യർഹമായി നിർവഹിച്ച ശ്രീ. എബി. പി. കുരുവിള, ശ്രീ. മെസ്സിൻ സക്കറിയാസ് എബ്രഹാം, ശ്രീ. സാം വി. ജെയിംസ് എന്നിവരെയും ദൈവം കൂടുതലായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർഥിക്കുന്നു.

**3. കോവിഡ്, പ്രകൃതി ദുരന്തങ്ങൾ എന്നിവ തരണം ചെയ്യാൻ സഹായം.**

ചർച്ച് കമ്മിറ്റിയുടെ 15-5-2021 ലെ പ്രത്യേക യോഗ തീരുമാനപ്രകാരം കോവിഡ് രോഗത്താലും പ്രകൃതി ദുരന്തങ്ങളാലും ഭാരപ്പെടുന്നവർക്ക് വിവിധ തരത്തിലുള്ള സഹായങ്ങൾ എത്തിക്കാൻ വേണ്ടി രൂപീകരിച്ച ക്രൈസ്റ്റ് ചർച്ച് കോവിഡ് ആൻഡ്

ഡിസാസ്റ്റർ റിലീഫ് ഫണ്ടിലേക്ക് (CCCDRF) ഉദാരമായി ദാനം ചെയ്ത എല്ലാ സഭാംഗങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു. നമ്മുടെ സഭയായി ഇതു വരെ ചെയ്ത സഹായങ്ങളുടെ വിശദ വിവരങ്ങൾ ട്രഷററുടെ റിപ്പോർട്ടിൽ (പേജ് 18) ചേർത്തിട്ടുണ്ട്.

**4. ഹിന്ദി ആരാധനകൾ**

ലോക്ക്ഡൌൺ കാലയളവിൽ ഞായറാഴ്ചകളിൽ അതിഥി തൊഴിലാളികൾക്ക് വേണ്ടി മിഷനറി ശ്രീ. അഭയ് കുമാറിന്റെ നേതൃത്വത്തിൽ ഓൺലൈൻ ആരാധനകൾ നടത്തി. ഐ.ഇ.എം. ന്റെ നേതൃത്വത്തിൽ നടക്കുന്ന മിഷനറി വേലയിലൂടെ കൂടുതൽ പേർ വിശ്വാസത്തിലേക്ക് കടന്നു വരുന്നു. ഇവക്കെല്ലാം നേതൃത്വം കൊടുക്കുന്നവരേയും വിശ്വാസികളെയും ദൈവം കൂടുതലായി ശക്തീകരിക്കട്ടെ എന്ന് പ്രാർഥിക്കുന്നു.

**5. ഓൺലൈൻ സണ്ടേസ്കൂൾ**

ജൂൺ 5 ശനിയാഴ്ച മുതൽ ഓൺലൈൻ സണ്ടേസ്കൂൾ ക്ലാസുകൾ ആരംഭിച്ചു. ശനിയാഴ്ച ദിവസങ്ങളിൽ വൈകിട്ട് 7 മണി മുതൽ 8 മണി വരെ 1 -1-2010 നോ അതിനു ശേഷമോ ജനിച്ച കുട്ടികൾക്കും, ഞായറാഴ്ച തോറും വൈകിട്ട് 7 മണി മുതൽ 8 മണി വരെ 31-12-2009 നോ അതിനു മുൻപോ ജനിച്ച കുട്ടികൾക്കും വേണ്ടിയുള്ള സൺഡേസ്കൂൾ ക്ലാസുകൾ തുടങ്ങി. ഇനിയും രെജിസ്റ്റർ ചെയ്യാൻ താല്പര്യം ഉള്ളവർ എത്രയും പെട്ടെന്ന് സണ്ടേസ്കൂൾ സെക്രട്ടറി ശ്രീ. ജേക്കബ് തോമസിനെ ബന്ധപ്പെടണമെന്ന് ഓർമിപ്പിക്കുന്നു.

എത്രയും വേഗം ഈ പ്രതിസന്ധികളിൽ നിന്ന് രക്ഷപെടുവാൻ തക്കവണ്ണം ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

**തോമസ് ബിജു മാത്യു**
സെക്രട്ടറി